# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2808** 18-08-2017 -ൽ മറുപടിക്ക്

## അപകടകരമായ നിലയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തെ റവന്യൂ - റോഡ് പുറമ്പോക്കുകളിൽ സ്കൂളുകളോടും ഇതര സ്ഥാപനങ്ങളോടും ചേർന്ന് നിൽക്കുന്നതായ അപകടകരമായ നിലയിലുള്ള മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റുവാൻ നടപടികൾ സ്വീകരിക്കുമോ; | എ) | മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |
| ബി) | കോട്ടയം ജില്ലയിൽ മണിമല വില്ലേജിൽ ആലപ്ര ഗവൺമെന്റ് സ്കൂളിനു സമീപം അപകടകരമായ രീതിയിൽ നില്ക്കുന്ന മരങ്ങൾ വെട്ടിമാറ്റുവാൻ സമീപവാസികളും, സ്കൂൾ അധികൃതരും കോട്ടയം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുള്ള പരാതികളിൽ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വെട്ടിമാറ്റുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | ബി) | ആലപ്ര ഗവൺമെന്റ് സ്കൂളിനു സമീപം അപകടകരമായ രീതിയിൽ നില്ക്കുന്ന വാക മരത്തിന്റെ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് കോട്ടയം ജില്ലാകളക്ടർക്ക് ലഭിച്ച അപേക്ഷയിന്മേൽ കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസർ ടി വൃക്ഷത്തിന്റെ അപകടകരമായ ശിഖരങ്ങൾ മുറിച്ച് മാറ്റി അപകടാവസ്ഥ ഒഴിവാക്കുന്നതിന് കാഞ്ഞിരപ്പള്ളി പി.ഡബ്ല്യൂ.ഡി (റോഡ്സ്) വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ